"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. ബി2/9854/ടിസി/2014

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി 18-11-2017

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ചെക്ക് പോസ്റ്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും

സർ,

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** – അന്യസംസ്ഥാനത്തുനിന്ന് കേരളത്തിലേക്ക് പ്രവേശിച്ചിട്ടുള്ള ആൾ ഇന്ത്യാ ടൂറിസ്റ്റ് ബസുകളുടെ 1-4-2014 മുതലുള്ള നികുതി പിരിച്ചെടുക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. ഫിനാൻസ് ആക്ട് 2014
2. ഈ ഓഫീസിൽ നിന്നും ഇതേ നമ്പറിൽ 25-01-2017ലും 30-03-2017ലും നൽകിയ നിർദ്ദേശങ്ങൾ
3. ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു പി (സി) നമ്പർ 7490/2014 ലെയും അനുബന്ധകേസുകളിലേയും 21-12-2016 ലെ ഉത്തരവ്
4. ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു.എ. 476/2017 ലെ 29-03-2017 തീയതിയിലെ ഇടക്കാല ഉത്തരവ്.
5. ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു.എ. 476/2017 ലെ 27-10-2017 തീയതിയിലെ അന്തിമ വിധിന്യായം.

ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു പി (സി) നമ്പർ 7490/2014 ലെ 21-12-2016 തീയതിയിലെ വിധിക്കെതിരെ ട്രാവൽ ഓപ്പറേറ്റർമാർ ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന ഡബ്ല്യു.എ. 476/2017 ന്റെ അന്തിമ വിധി 27-10-2017 ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിപ്രകാരം അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത്, സംസ്ഥാനത്തിനകത്ത് പ്രവേശിക്കുന്ന ഇന്റർസ്റ്റേറ്റ് കോൺട്രാക്ട് കാര്യേജുകളുടെ ത്രൈമാസ നികുതി ഓരോ ഓർഡിനറി സീറ്റിനും 4000/- രൂപയായും ഓരോ പുഷ്ബാക്ക് സീറ്റിനും 6000/- രൂപയായും ഓരോ സ്ലീപ്പർ ബർത്തിനും 7000/- രൂപയായും ഫിനാൻസ് ആക്ട് 2014 വഴി വർദ്ധിപ്പിച്ചത് കോടതി അംഗീകരിക്കുകയും പ്രസ്തുത ഇനത്തിൽ സർക്കാരിലേക്ക് അടയ്ക്കേണ്ട കുടിശ്ശിക നികുതി 3 തുല്യ ഗഡുക്കളായി അടയ്ക്കുന്നതിന് പെറ്റീഷണർമാരെ അനുവദിക്കുകയും ചെയ്തു. ഒന്നാമത്തെ ഗഡു 30-11-2017 നോ അതിന് മുമ്പായോ, രണ്ടാമത്തെ ഗഡു 30-12-2017 നോ അതിനു മുമ്പായോ, മൂന്നാമത്തെ ഗഡു 30-01-2018 നോ അതിനു മുമ്പായോ അടയ്ക്കണമെന്നും അതിൽ വീഴ്ച വരുത്തിയാൽ പ്രസ്തുത നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന്

സർക്കാരിന് നടപടികൾ സ്വീകരിക്കാമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ആയതിനാൽ വിധിന്യായത്തിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും, നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും നിർദ്ദേശിക്കുന്നു. 01-04-2014 മുതൽ 18-07-2016 വരെ സംസ്ഥാനത്തിനകത്ത് പ്രവേശിച്ച വാഹനങ്ങളിൽ നിന്ന് ഫിനാൻസ് ആക്ട് 2014 നിഷ്കർഷിച്ചിട്ടുള്ള (4000/-, 6000/-, 7000/- രൂപ) നിരക്കിൽ ആണ് നികുതി ഈടാക്കേണ്ടത്. ഡബ്ല്യു.എ. 476/2017 ലെ ഇടക്കാല ഉത്തരവിലൂടെയും അല്ലാതെയും നേരത്തേ അടച്ച നികുതിയുടെ ബാക്കി തുകയാണ് ഇത്തരത്തിൽ ഈടാക്കേണ്ടത്. ആയതിനാൽ പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിനകത്ത് പ്രവേശിച്ച വാഹനങ്ങളുടെ ലിസ്റ്റും അവർ അടച്ചിട്ടുള്ള നികുതി, അടയ്ക്കേണ്ടിയിരുന്ന നികുതി എന്നിവയുടെ പട്ടിക അടിയന്തിരമായി തയ്യാറാക്കേണ്ടതും, ഇനി അടയ്ക്കേണ്ട നികുതി എത്രയെന്ന് വിശദമാക്കിക്കൊണ്ടുള്ള വ്യക്തമായ ഡിമാന്റ് നോട്ടീസ് എല്ലാ വാഹന ഉടമകൾക്കും അടിയന്തരമായി നൽകേണ്ടതുമാണ്. കോടതി നിർദ്ദേശിച്ച കാലാവധിക്കുള്ളിൽ പ്രസ്തുത തുക അടയ്ക്കാതിരുന്നാൽ വാഹന ഉടമയ്ക്കെതിരെ കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമം സെക്ഷൻ 13 (6) പ്രകാരവും റവന്യൂ റിക്കവറി ആക്ട് സെക്ഷൻ (5) പ്രകാരവും നടപടികൾ സ്വീകരിക്കാവുന്നതാണ്. വിധിന്യായത്തിന്റെ പകർപ്പും ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

18/11/2017

സീനിയർ സൂപ്രണ്ട്

P.S.

മോട്ടോർവാഹന വകുപ്പ്, കേരള